**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **702**

**28.02.2017**- ൽ മറുപടിയ്ക്ക്

## സഹകരണ സംരക്ഷണ ക്യാമ്പയിൻ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സി.കൃഷ്ണൻ**<br>**" ആർ. രാജേഷ്**<br>**പ്രൊഫ.കെ.യു. അരുണൻ**<br>**ശ്രീ.കാരാട്ട് റസാഖ്** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് സഹകരണ സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ടോ ; | (എ) സംസ്ഥാനത്ത് 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെയുള്ള ഒരു മാസക്കാലം സഹകരണ മേഖല സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു. |
| ബി) എങ്കിൽ ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (ബി) സഹകരണ മേഖല സംരക്ഷണ ക്യാമ്പയിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. 500/-, 1000/- രൂപ നോട്ടുകൾ പിൻവലിച്ചതിനെത്തുടർന്ന് സഹകരണ മേഖലയിലുണ്ടായ പ്രതിസന്ധി മറികടക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.<br>2. സഹകരണ മേഖലയുടെ പ്രസക്തിയെയും പ്രാധാന്യത്തെയും കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കുക.<br>3. സഹകരണ മേഖലയിലെ നിക്ഷേപകരുടെ വിശ്വാസം ആർജിക്കുക.<br>4. ജനങ്ങളുടെ ആശങ്ക ദൂരീകരിക്കുക.<br>5. ഭവനസന്ദർശനം നടത്തി സഹകരണ ബാങ്കുകളും ജനങ്ങളുമായുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തുക.<br>6. സഹകാരികളെ പുതിയ നിക്ഷേപം നടത്തുന്നതിന് പ്രേരിപ്പിക്കുക. |
| സി) സഹകരണ മേഖലയുടെ ഉന്നമനത്തിന് ഇത് എങ്ങനെയെല്ലാം പ്രയോജനകരമാകുമെന്നാണ് കരുതുന്നത്; ആരെല്ലാമാണ് പ്രസ്തുത ക്യാമ്പയിനിൽ പങ്കെടുക്കുന്നത്; | (സി) സഹകരണ മേഖലയിലെ നിക്ഷേപകരുടെ വിശ്വാസം ആർജിക്കുന്നതിനും പൊതു ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും സഹകരണ മേഖലയുടെ വിശ്വാസ്യത നിലനിർത്തുന്നതിനും ക്യാമ്പയിൻ പ്രയോജനകരമാകും എന്നാണ് കരുതുന്നത്. സഹകാരികളും സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരും സഹകരണ വകുപ്പിലെ |

.......2

| | | |
|---|---|---|
| | | ഉദ്യോഗസ്ഥൻമാരുമാണ് ക്യാമ്പയിനിൽ പങ്കെടുത്തിട്ടുള്ളത്. |
| ഡി) | ക്യാമ്പയിൻ കാലയളവിൽ നിക്ഷേപ സമാഹരണയജ്ഞവും സംഘടി പ്പിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ ? | (ഡി) ക്യാമ്പയിൻ കാലയളവിൽ നിക്ഷേപ സമാഹരണ യജ്ഞം സംഘടിപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**